കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - സ്കൂൾ മാറ്റം, പുന:പ്രവേശനം എന്നിവയിൽ നിലവിലുള്ള പൊതു നിർദ്ദേശങ്ങൾ-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ (സാധാ) നം.1826/09/പൊ.വി.വ. തീയതി, തിരുവനന്തപുരം, 11.05.2009

---

പരാമർശം: (1) 16/10/2006 ലെ സ.ഉ(സാധാ)നം.4502/2006/പൊ.വി.വ

(2) 18/08/08 ലെ സ.ഉ(കൈയ്യെഴുത്ത്)നം.140/08/പൊ.വി.വ.

(3) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 21/04/09 ലെ എ.സി.ഡി/സ്പെ.സെൽ/4/2701 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തലത്തിലെ സ്കൂൾ മാറ്റം, പുനർ പ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം(2) പ്രകാരമുള്ള ഉത്തരവ് പ്രകാരം 2008 അദ്ധ്യായന വർഷം മുതൽ പ്ലസ് ടു ഒന്നാം വർഷ പരീക്ഷയും പൊതു പരീക്ഷയായി നടത്തുവാൻ തീരുമാനിക്കുകയും ആയതിനാൽ ഒന്നാം വർഷത്തെ ഒന്നാം ടേമിൽ തന്നെ നിരന്തര മൂല്യ നിർണ്ണയ നടപടികൾ തുടങ്ങുന്നതിനാൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/മറ്റ് സംസ്ഥാനങ്ങളിൽ പഠിച്ചവർ തുടങ്ങിയവർ സംസ്ഥാന സിലബസിലേക്ക് സ്കൂൾ മാറ്റം/ പുന:പ്രവേശനം നടത്തുമ്പോൾ അദ്ധ്യായനത്തിലും പരീക്ഷാനടത്തിപ്പിലും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ 2009-2010 അദ്ധ്യായന വർഷം മുതൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒന്ന്, രണ്ട് വർഷങ്ങളിലെ സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന കുട്ടികളുടെ സബ്ജക്ട് കോമ്പിനേഷനിലും രണ്ടാം ഭാഷയിലും മാറ്റം ഇല്ലാതെയുള്ള സ്കൂൾ മാറ്റ അപേക്ഷകൾ പരിഗണിച്ച് സീറ്റുകൾ ഒഴിവുണ്ടെങ്കിൽ പ്രവേശനം നൽകുന്നതിനുള്ള അധികാരം അതാതു ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും. ഒന്നാം വർഷ പ്രവേശന നടപടികൾ പൂർത്തിയായി എന്ന ഔദ്യോഗിക പ്രഖ്യാപനത്തിന് ശേഷം മാത്രമേ ഒന്നാം വർഷത്തേയ്ക്കുള്ള സ്കൂൾ മാറ്റ അപേക്ഷകൾ അനുവദിക്കാൻ പാടുള്ളൂ. ഒന്നാം വർഷ പ്രവേശന നടപടികൾ പൂർത്തിയായി എന്ന ഔദ്യോഗിക പ്രഖ്യാപനത്തിന് ശേഷം 15(പതിനഞ്ച്) ദിവസങ്ങൾക്കുള്ളിൽ മാത്രമേ ഇങ്ങനെ പ്രവേശനം അനുവദിക്കാൻ പാടുള്ളൂ. രണ്ടാം വർഷത്തേയ്ക്കുള്ള സ്കൂൾ മാറ്റ അപേക്ഷകൾ സ്കൂൾ തുറന്ന് 30(മുപ്പത്) ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

ഒന്നാം വർഷ അഡ്മിഷന് അനുവദിച്ച സമയ പരിധിക്കു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പുതിയ അഡ്മിഷൻ നടത്തുന്നതിനുള്ള സ്കൂൾ അധികൃതരുടെ അപേക്ഷകളിന്മേൽ പ്രത്യേക സാഹചര്യം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഹയർ സെക്കണ്ടറി വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും. ഒന്നാം

വർഷ പ്രവേശന നടപടികൾ പൂർത്തിയായി എന്ന ഔദ്യോഗിക പ്രഖ്യാപനത്തിന് ശേഷം 30 ദിവസം വരെ മാത്രമേ പ്രസ്തുത വിവേചനാധികാരം ഉപയോഗിക്കുവാൻ പാടുള്ളൂ

മറ്റു സംസ്ഥാനങ്ങളിൽ നിന്നോ, രാജ്യങ്ങളിൽ നിന്നോ വരുന്നവരോ, സി.ബി.എസ്.ഇ. തുടങ്ങിയ പാഠ്യപദ്ധതികളിൽ പഠിച്ചവരോ ആയ വിദ്യാർത്ഥികൾക്ക് ഒന്ന്, രണ്ട് വർഷങ്ങളിലെ ഒഴിവുള്ള സീറ്റുകളിൽ ട്രാൻസ്ഫർ മുഖേന പ്രവേശനം നൽകുന്ന കാര്യത്തിൽ സബ്ജക്ട് കോമ്പിനേഷനിൽ മാറ്റമില്ലെങ്കിൽ അനുമതി നൽകുവാനുള്ള അധികാരം ഹയർ സെക്കണ്ടറി ഡയറക്ടർക്കായിരിക്കും. പാഠ്യപദ്ധതിയിലെ മാറ്റം മൂലം സബ്ജക്ട് കോമ്പിനേഷനിൽ അനിവാര്യമായി വരുന്ന ചെറിയ മാറ്റങ്ങളും ഇതിനായി ഡയറക്ടർക്ക് പരിഗണിക്കാവുന്നതാണ്. എന്നാൽ രണ്ടാം വർഷം സ്കൂൾ മാറ്റം വഴി പ്രവേശനം നേടിയ ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ റഗുലർ സ്കീമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയോടൊപ്പം ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതണം. ഈ സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും അവരുടെ അന്തിമ ഫലം നിർണ്ണയിക്കുക. ഇവർ ഒന്നാം വർഷ വിദ്യാർത്ഥികൾക്കു നിർദ്ദേശിച്ചിട്ടുള്ള തരത്തിലുള്ള തുടർ മൂല്യ നിർണ്ണയത്തിനും വിധേയരാകണം.

മൂന്ന് വർഷത്തിന് പൊതു പരീക്ഷ ഏർപ്പെടുത്തിയതിനു മുൻപ് ഒന്നാം വർഷ കോഴ്സ് പൂർത്തിയാക്കുകയും രണ്ടാം വർഷം പഠനം മുടങ്ങുകയും ചെയ്ത വിദ്യാർത്ഥികൾക്ക് രണ്ടാം വർഷം തുടർന്ന് പഠിക്കണമെന്നുണ്ടെങ്കിൽ രണ്ടാം വർഷത്തേക്ക് പുന:പ്രവേശനം നേടുകയും ആഗസ്റ്റ് മാസം ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയോടൊപ്പം ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരീക്ഷ എഴുതേണ്ടതും തുടർമൂല്യ നിർണ്ണയത്തിനു വിധേയരാകേണ്ടതുമാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ ലഭ്യതയ്ക്ക് വിധേയമായി രണ്ടാം വർഷത്തേയ്ക്ക് പുന:പ്രവേശനം അനുവദിക്കുന്നതിനുള്ള അധികാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും. സ്കൂൾ തുറന്ന് രണ്ടാം വർഷ ക്ലാസ്സുകൾ ആരംഭിച്ചതിന് ശേഷം 30 (മുപ്പത്) ദിവസങ്ങൾക്കകം അപേക്ഷിക്കുന്നവരെ മാത്രമേ പുന:പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

റ്റി.കെ. നാരായണൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,തിരുവനന്തപുരം
മേഖല ഡെപ്യൂട്ടി ഡയറക്ടർ(ഹയർ സെക്കണ്ടറി വിദ്യാഭ്യാസം)
തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം [illegible]
(പ്രചാരത്തിനായി)
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Published for information of Principals of all Govt, aided and unaided HSSs.

Sd/-
JOINT DIRECTOR (ACAD)

**GOVERNMENT OF KERALA**

Abstract

General Education-Higher Secondary Education-Academic- School Transfer of Open School Students- Norms modified-Orders issued.

---

## GENERAL EDUCATION (U) DEPARTMENT

G.O.(Rt). No. 5947/12 /Gl.Edn. Dated, Thiruvananthapuram. 12/12/12.

---

Read: 1. GO(Rt) No. 1826/09/Gl. Edn dated 11.05.09

2. Letter No Acd/Spc (3)/26371/2010 dated 22.05.12 from the Director, Higher Secondary Education, Thiruvananthapuram

3. Letter No. OR/2039/12/KSOS/SCERT dated 02.06.12 from the Director, Kerala State Open School, State Office, Thiruvananthapuram

4 Letter No Acd/Spc (2)/31691/2011 dated 23.07.2012 from the Director, Higher Secondary Education, Thiruvananthapuram.

## ORDER

As per the Government Order read as I[st] above, School Transfer is allowed to students under State syllabus, students from other states or countries, students under CBSE syllabus etc. As per the letter read as 3[rd] paper above, the Director, Kerala State Open School has requested to include Open School students also under the purview of the above Government Order.

Government have examined the matter in detail and are pleased to extend the benefit of the Government Order read as 1 st paper above, ie: the School Transfer to Open School Students with the following norms.

(i) Only the regular Plus One students of the Open School shall be permitted to apply for admission to Standard XII in the Govt/Aided/Unaided Higher Secondary Schools. Those who have enrolled in the Open School for private study shall not be permitted to apply for the same.

(ii) The applicant for admission to Standard XII should be below the upper age prescribed limit prescribed for admission to Plus One course

(iii) Preference shall be given to the regular school students for effecting School Transfer.

(iv) The host school should have clear vacancy in the subject combination including the second language, studied by the applicant in the Open School. The vacancy and willingness report of the Principal of the host school shall be made mandatory for granting admission.

(v) The admitted Open School students shall pay special fees for both Plus One and Plus Two Courses besides PTA funds.

(vi) Regional Deputy Director concerned shall be entrusted with the responsibility to issue orders of School Transfer to Open School students.

(vii) The applicants shall be directed to produce the following documents along with their personal request.

a. No Objection Certificate from the Director of Open School specifying the subject combination pursued by the applicant in Plus One
b. Vacancy-um-willingness letter from the Principal of the host school
c. T.C issued from the Open School shall be produced to the Principal of the host school, if admission is granted.

(viii) All admission to Standard XII by School Transfer in the case of Open School students shall be completed on or before the date of closure of Plus One admission process for that particular academic year

(By Order of the Governor)
**P M THOMAS,**
**Additional Secretary to Government.**

To

The Director, Higher Secondary Education, Thiruvananthapuram.
Regional Deputy Director, Higher Secondary Education, Thiruvananthapuram/Ernakulam, Kozhikode
Director, Information and Public Relations Department (For media publicity).
All Higher Secondary Principals. (through the Director, Higher Secondary Education, Thiruvananthapuram)
PS to Minister, Education.
PA to Secretary, General Education.
Stock file/Office copy.

Forwarded/By Order,

Section Officer.